LIBRARY ARCHIVES Kerala Legislative Assembly

പ്രധാന ഡാമുകൾ

46 [2515] ശ്രീ. കെ. അച്ചുതൻ :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന ഡാമുകളുടെ പഴക്കം കണക്കാക്കിയിട്ടുണ്ടോ;

(ബി) നന്നായി ഡിസൈൻ ചെയ്ത് നിർമ്മിച്ച അണക്കെട്ട് കേടുകൂടാതെ എത്രകാലം നിലനില്ക്കും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തുള്ള പ്രധാന അണക്കെട്ടുകൾക്ക് എന്തെങ്കിലും ബലക്ഷയം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത അണക്കെട്ടുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡാമിന്റെ ഉപയോഗയോഗ്യമായ ആയുസ് 50 വർഷമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(സി & ഡി) ഇല്ല. സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിച്ച സംസ്ഥാനതല അണക്കെട്ടു സുരക്ഷാ സമിതി കേരളത്തിലെ അണക്കെട്ടുകളുടെ സുരക്ഷിതത്വം വിലയിരുത്തുവാനായി യഥാകാലം അണക്കെട്ടുകൾ സന്ദർശിക്കുകയും ഓരോ ഡാമിലും അതത് സമയം ചെയ്യേണ്ട അറ്റകുറ്റപണികളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

2004-05 വർഷത്തിലെ ജലസേചന വകുപ്പിന്റെ പദ്ധതികളുടെ പ്രവർത്തനം

47 [2516] ശ്രീ. വി. കെ. ചന്ദ്രൻ :

,, എ. സി. മൊയ്തീൻ:

,, വി. ചെന്താമരാക്ഷൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 വർഷത്തിൽ ജലസേചന രംഗത്ത് ലക്ഷ്യമിട്ട പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാദ്ധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(ബി) 2004-05 വാർഷിക പദ്ധതിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ട പദ്ധതി പ്രവർത്തനങ്ങളിൽ പൂർണ്ണത കൈവരിക്കാൻ കഴിയാതെ പോയിട്ടുള്ളവരെ സംബന്ധിച്ച് വിശദമാക്കാമോ;

(സി) 2004-05-ൽ നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പിനുവേണ്ടി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിലും, പരിപാടികളിലും നാളിതുവരെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയാതെ പോയിട്ടുള്ളവ ഏതൊക്കെയാണ്?

ഉത്തരം

(എ) തൃത്താലയിലെ റഗുലേറ്റർ കം ബ്രിഡ്ജ് ആണ് 2004-05 വർഷത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പദ്ധതി. എന്നാൽ ഫ്ളഡ് ബാങ്ക്, ബാങ്ക് കണക്ഷൻ എന്നീ പണികൾ ചെയ്യാൻ കഴിയാത്തതിനാൽ ടി പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

(ബി) 2004-05 വാർഷിക പദ്ധതിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ട പദ്ധതി പ്രവർത്തനങ്ങൾ എല്ലാംതന്നെ ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർണ്ണത കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. കുരിയാർകുറ്റി പദ്ധതിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

കോടതിയിൽ വ്യവഹാരങ്ങൾ നീണ്ടുപോയതിനാലും സ്ഥലം ലഭിക്കാതിരുന്നതിനാലും മൂവാറ്റുപുഴ പദ്ധതിയുടെ ചില പണികൾ ആരംഭിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ട്.

(സി) മൂവാറ്റുപുഴ പദ്ധതിയുടെ ചില ഭാഗങ്ങൾ പണിപൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. പലകപ്പാണ്ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ സമീപഭാവിയിൽ ആരംഭിക്കുന്നതാണ്.

ശുദ്ധജല വിതരണത്തിന് ഉപയോഗിക്കുന്ന അണുനാശന രീതി

48 [2517] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി ശുദ്ധജലവിതരണത്തിന് ഉപയോഗിക്കുന്ന അണുനാശനരീതി 'ക്ലോറിനേഷൻ' മാത്രമാണോ;

(ബി) മാരകരോഗങ്ങൾ ഉണ്ടാക്കുന്ന ക്ലോറിനേഷനെ അതിജീവിക്കുന്ന രോഗാണുക്കളെ നശിപ്പിക്കുന്നതിന് കഴിയുന്ന പൂർണ്ണമായും അണുനാശനം ചെയ്ത ശുദ്ധജലം മെഡിക്കൽ കോളേജുകളിൽ വിതരണം ചെയ്യുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly